(എഫ്) ചേർപ്പ് നിയോജക മണ്ഡലത്തിൽ ഇന്ന് സർവീസ് നടത്തുന്ന ബസ്സുകൾ ഏതൊക്കെ ;

(ജി) ഇവിടെ നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 75 സർവ്വീസുകൾ.

(ബി) സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(സി) 6.00 കൊണ്ടയൂർ, 6.05 കുണ്ടുകടവ്, 6.30 കുണ്ടോളിക്കടവ്, 7.00 ഗുരുവായൂർ, 7.40 പാലാഴി, 8.00 മൂന്നുപീടിക, 11.00 അങ്കമാലി, 11.05 തമ്പാൻകടവ്, 11.10 അങ്കമാലി, 11.45 ചാലക്കുടി, 11.50 കൊരട്ടി, 12.10 ആലുവ, 12.20 ആലുവ, 12.40 ചാലക്കുടി, 12.50 ചാലക്കുടി, 12.35 പാലക്കാട് എന്നീ സർവ്വീസുകൾ ഡീസൽ ക്ഷാമത്തെത്തുടർന്ന് ഓപ്പറേറ്റ് ചെയ്യുകയുണ്ടായില്ല. ഇവയിൽ 6.00 കൊണ്ടാവൂർ, 6.05 കൊണ്ടുകടവ്, 6.30 കുണ്ടോളിക്കടവ്, 7.40 പാലാഴി, 9.00 മുന്നുപീടിക, 11.00 അങ്കമാലി, 11.10 അങ്കമാലി, 11.50 കൊരട്ടി, 12.10 ആലുവ, 12.20 ആലുവ, 12.35 പാലക്കാട് എന്നീ സർവ്വീസുകൾ വീണ്ടും ഓപ്പറേറ്റ് ചെയ്തു തുടങ്ങിയിട്ടുണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല.

(ഇ) ഡീസൽ ക്ഷാമത്തെ തുടർന്ന് ഓപ്പറേറ്റ് ചെയ്യാതിരുന്ന പ്രസ്തുത ബസ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(എഫ്) 6.30 കുണ്ടോളിക്കടവ്, 11.00 അങ്കമാലി, തൃപ്രയാർ, 11.15 ചാലക്കുടി-കാട്ടൂർ, 12.10 ആലുവ-നെടുപുഴ, 12.30 ആലുവ-കൊടുങ്ങല്ലൂർ, 4.45 കൊടുങ്ങല്ലൂർ-ഊരകം, 7.00 അങ്കമാലി-കൊടുങ്ങല്ലൂർ.

(ജി) 11.05 തമ്പാൻകടവ്, മതിലകം (വഴി) ഊരകം 12.45 ആലുവ, തൃപ്രയാർ (വഴി) അമ്മാടം എന്നീ സർവ്വീസുകൾ നിത്യവും ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

നെല്ലിയാംപതി മേഖലയിലെ യാത്രാക്ലേശം

107 (1162) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാംപതി മേഖലയിലെ രൂക്ഷമായ യാത്രാക്ലേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 31-10-1999-ൽ നെല്ലിയാമ്പതി മേഖലയിലുണ്ടായ ബസ് അപകടത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലമാണ് പ്രസ്തുത അപകടം സംഭവിച്ചത് എന്ന വസ്തുത ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ ;

(ഇ) ഈ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അപകടത്തെക്കുറിച്ച് ആലത്തൂർ ജോയിന്റ് ആർ.ടി.ഒ. അന്വേഷണം നടത്തുകയുണ്ടായി.

(സി) 31-10-1999 ന് രാവിലെ ഏകദേശം 9.15-ന് കെ.എൽ. 15/3086 രജിസ്ട്രേഷൻ നമ്പരുള്ള കെ.എസ്.ആർ.ടി.സി. ബസ് ഏകദേശം 120 യാത്രക്കാരുമായി മഞ്ചാടി പാലത്തിനു സമീപം 50 അടി താഴ്ചയുള്ള തടത്തിലേക്ക് മറിയുകയുണ്ടായി. ഈ ദുരന്തത്തിൽ 3 പേർ മരിക്കുകയും 115 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. അപകടം നടന്ന സ്ഥലത്തെ റോഡിന്റെ പരിതാപകരമായ അവസ്ഥയും യാത്രക്കാരുടെ ബാഹുല്യവും ഡ്രൈവറുടെ കാര്യക്ഷമതാകുറവും മൂലമാണ് ഈ അപകടം സംഭവിച്ചതെന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അപകട കാരണം യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത മാത്രം കൊണ്ടുണ്ടായതല്ല.

(ഇ) അന്വേഷിച്ച് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

കിളിമാനൂർ ഡിപ്പോയിൽ നിന്നും നിർത്തൽ ചെയ്ത സർവ്വീസുകൾ

108 (1163) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും ബസുകൾ ഈയിടെ നിറുത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ബസ്സുകളുടെ സർവ്വീസുകളാണ് നിറുത്തൽ ചെയ്തിട്ടുള്ളതെന്നും അവ ഏതെല്ലാം ഷെഡ്യൂളുകളാണെന്നും വ്യക്തമാക്കാമോ ;

(സി) ഇവ പുനരാരംഭിക്കുവാൻ നിവേദനങ്ങൾ ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വീസുകളൊന്നും തന്നെ ഈയിടെ നിറുത്തിയിട്ടില്ല. ബസുകളുടേയും ജീവനക്കാരുടേയും അപര്യാപ്തതമൂലം ദേശസാൽകൃത മല്ലാത്ത മേഖലകളിലെ വരുമാനം കുറഞ്ഞ സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യുന്നില്ലന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly